**മധുരമായ കുട്ടികളേ – നിങ്ങൾ അശരീരിയായി മാറി ബാബയെ ഓർമ്മിക്കുമ്പോൾ നിങ്ങളെ സംബന്ധിച്ച് ഈ ലോകം തന്നെ അവസാനിക്കുന്നു, ദേഹത്തേയും ലോക ത്തേയും മറക്കുന്നു.**

**ചോദ്യം:–** ബാബയിലൂടെ മുഴുവൻ കുട്ടികൾക്കും ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കുന്നത് എന്തിനാണ്?
**ഉത്തരം:–** സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി, ബാബ എന്താണോ എങ്ങനെയാണോ, അതേ രൂപ ത്തിൽ ഓർമ്മിക്കുന്നതിനാണ് മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കുന്നത്. എന്നാൽ ഈ മൂന്നാമത്തെ നേത്രം പ്രവർത്തിക്കുന്നത് പൂർണ്ണമായും യോഗയുക്തമായിരിക്കുമ്പോഴാണ് അർത്ഥം ഒരു ബാബയോട് സത്യ മായ പ്രീതിയുണ്ടാകുമ്പോൾ. ആരുടേയും നാമ രൂപത്തിൽ കുടുങ്ങരുത്. മായ പ്രീതിവെയ്ക്കുന്നതിൽ തന്നെയാണ് വിഘ്നമിടുന്നത്. ഇതിലാണ് കുട്ടികൾ വഞ്ചിതരാകുന്നത്.

**ഗീതം:–** മരിക്കുന്നതും അങ്ങയുടെ വഴിയിൽ...

**ഓം ശാന്തി.** നിങ്ങൾ ബ്രാഹ്മണ കുട്ടികൾക്കല്ലാതെ മറ്റാർക്കും ഈ ഗീതത്തിന്റ അർത്ഥം മനസ്സിലാക്കാൻ സാധിക്കില്ല. വേദ ശാസ്ത്രങ്ങളെല്ലാം ഉണ്ടാക്കിയിട്ടുണ്ട് എന്നാൽ എന്തെല്ലാം പഠിക്കുന്നുണ്ടോ അതിന്റെ യൊന്നും അർത്ഥം മനസ്സിലാക്കാൻ കഴിയുന്നില്ല, അതിനാൽ ബാബ പറയുകയാണ് ഞാൻ ബ്രഹ്മാ മുഖ ത്തിലൂടെ സർവ്വ ശാസ്ത്രങ്ങളുടേയും സാരം മനസ്സിലാക്കിത്തരുന്നു, അതുപോലെ ഈ ഗീതങ്ങളുടെ അർത്ഥവും ആർക്കും മനസ്സിലാക്കാൻ സാധിക്കില്ല, ബാബ തന്നെയാണ് ഇതിന്റെ അർത്ഥം പറഞ്ഞുതരു ന്നത്. ആത്മാവ് എപ്പോൾ ശരീരത്തിൽ നിന്നും വേറിടുന്നുവോ അപ്പോൾ ലോകവുമായുള്ള മുഴുവൻ സംബന്ധവും അവസാനിക്കുന്നു. ഗീതവും പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അശരീരി യായി മാറി ബാബയെ ഓർമ്മിക്കൂ അപ്പോൾ ഈ ലോകം തന്നെ അവസാനിക്കും. ഈ ശരീരം ഈ ഭൂമി യിലാണ്, ആത്മാവ് ഇതിൽ നിന്നും വേറിട്ടാൽ പിന്നെ അവരെ സംബന്ധച്ച് ആ സമയം മനുഷ്യ സൃഷ്ടി യില്ല. ആത്മാവ് വിവസ്ത്രനായി മാറുന്നു. പിന്നീട് എപ്പോഴാണോ ശരീരത്തിലേയ്ക്ക് വരുന്നത് അപ്പോ ഴാണ് പാർട്ട് ആരംഭിക്കുന്നത്. പിന്നീട് ഒരു ശരീരം ഉപേക്ഷിച്ച് അടുത്തതിലേയ്ക്ക് പ്രവേശിക്കുന്നു. തിരിച്ച് മഹാതത്വത്തിലേയ്ക്ക് പോകേണ്ടതില്ല. പറന്ന് അടുത്ത ശരീരത്തിലേയ്ക്ക് പോകും. ഇവിടെ ഈ ആകാശതത്വത്തിലാണ് ആത്മാവിന് പാർട്ട് അഭിനയിക്കേണ്ടത്. മൂലവതനത്തിലേയ്ക്ക് പോകേണ്ടതില്ല. ശരീരം ഉപേക്ഷിച്ചാൽ പിന്നീട് ഈ കർമ്മബന്ധനവും ഉണ്ടാകില്ല, ആ കർമ്മബന്ധനവും ഉണ്ടാകില്ല. ശരീ രത്തിൽ നിന്നുതന്നെ വേറിടണമല്ലോ. പിന്നീട് രണ്ടാമത് ഒരു ശരീരം എടുക്കുമ്പോൾ ആ കർമ്മബന്ധനം ആരംഭിക്കുന്നു. ഈ കാര്യങ്ങൾ നിങ്ങൾക്കല്ലാതെ മറ്റൊരു മനുഷ്യനും മനസ്സിലാക്കാൻ സാധിക്കില്ല. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് എല്ലാവരും വിവേകശൂന്യരാണ്. എന്നാൽ ഇങ്ങനെ ആരും കരുതുന്നില്ല. സ്വയം വലിയ ബുദ്ധിവാനാണ് എന്നാണ് കരുതുന്നത്, സമാധാനത്തിനുള്ള സമ്മാനം നൽകിക്കൊണ്ടിരി ക്കുന്നു. ഇതും നിങ്ങൾ ബ്രാഹ്മണകുല ഭൂഷണർക്ക് നല്ലരീതിയിൽ മനസ്സിലാക്കാൻ സാധിക്കും. അവർക്കാ ണെങ്കിൽ സമാധാനം എന്ന് എന്തിനെയാണ് പറയുന്നത് എന്നതുപോലും അറിയില്ല. ചിലർ മഹാത്മാക്ക ളുടെ അടുത്തേയ്ക്ക് പോകുന്നു മനസ്സിന് എങ്ങനെ ശാന്തിയുണ്ടാകും എന്ന് അന്വേഷിച്ച്. ലോകത്തിൽ ശാന്തി എങ്ങനെയുണ്ടാകും! എന്നാണ് പറയുന്നത് അല്ലാതെ നിരാകാരീ ലോകത്തിൽ ശാന്തി എങ്ങനെ ഉണ്ടാകും എന്ന് പറയുന്നില്ല. അത് ശാന്തിധാമമാണ്. നമ്മൾ ആത്മാക്കൾ ശാന്തിധാമത്തിലാണ് ഇരിക്കുന്ന ത് പക്ഷേ അവർ മനസ്സിന് ശാന്തി എന്നാണ് പറയുന്നത്. അവർക്ക് അറിയില്ല ശാന്തി എങ്ങനെ ലഭിക്കും? ശാന്തിധാമം നമ്മുടെ വീടാണ്. ഇവിടെ ശാന്തി എങ്ങനെയുണ്ടാകാനാണ്? അതെ, സത്യയുഗത്തിൽ സുഖം, ശാന്തി, സമ്പത്ത് എല്ലാമുണ്ട്, ഇതിന്റെ സ്ഥാപന ബാബയാണ് ചെയ്യുന്നത്. ഇവിടെയാണെങ്കിൽ എത്ര അശാന്തിയാണ്. ഇതെല്ലാം നിങ്ങൾ കുട്ടികളാണ് ഇപ്പോൾ മനസ്സിലാക്കുന്നത്. സുഖം, ശാന്തി, സമ്പത്ത് എന്നിവയെല്ലാം ഭാരതത്തിൽ തന്നെയാണ് ഉണ്ടായിരുന്നത്. ആ സമ്പത്ത് അച്ഛൻ തന്നതായിരുന്നു പിന്നെ ദുഃഖം, അശാന്തി, ദാരിദ്ര്യം എന്നിവ രാവണന്റെ സമ്പത്താണ്. ഈ മുഴുവൻ കാര്യങ്ങളും പരിധിയില്ലാത്ത ബാബയിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. ബാബ പരമധാമത്തിൽ വസിക്കുന്ന ജ്ഞാനസാ ഗരനാണ്, ബാബയാണ് നമുക്ക് സുഖധാമത്തിന്റെ സമ്പത്ത് നൽകുന്നത്. ബാബ നമ്മൾ ആത്മാക്കൾക്ക് മനസ്സിലാക്കിത്തരികയാണ്. ഇത് അറിയാവുന്നതാണ് ജ്ഞാനം ആത്മാവിലാണ് ഉണ്ടാവുക. ബാബയെത്ത ന്നെയാണ് ജ്ഞാനസാഗരൻ എന്ന് പറയുന്നത്. ആ ജ്ഞാനസാഗരൻ ഈ ശരീരത്തിലൂടെ വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും മനസ്സിലാക്കിത്തരുകയാണ്. വിശ്വത്തിന് ആയുസ്സ് ഉണ്ടാകണമല്ലോ. ലോകം

ഇതുതന്നെയാണ്. പുതിയ ലോകം പഴയ ലോകം എന്നു പറയുന്നുവെന്നു മാത്രം. പുതിയ ലോകത്തിൽ നിന്നും പഴയലോകമായി മാറാൻ എത്ര സമയം എടുക്കുന്നു? ഇതും മനുഷ്യർക്ക് അറിയില്ല.

നിങ്ങൾ കുട്ടികൾക്ക് അറിയാം കലിയുഗത്തിനുശേഷം തീർച്ചയായും സത്യയുഗം വരണം അതിനാലാണ് കലിയുഗത്തിനും സത്യയുഗത്തിനും ഇടയിലുള്ള സംഗമത്തിൽ ബാബയ്ക്ക് വരേണ്ടി വരുന്നത്. ഇതും നിങ്ങൾക്ക് അറിയാം പരമപിതാ പരമാത്മാവ് ബ്രഹ്മാവിലൂടെ പുതിയ ലോകത്തിന്റെ സ്ഥാപനയും, ശങ്കരനിലൂടെ വിനാശവും ചെയ്യുന്നു. ത്രിമൂർത്തി എന്നതിന്റെ അർത്ഥം തന്നെ ഇതാണ്, സ്ഥാപന, വിനാശം, പാലന. ഇത് സാധാരണ കാര്യമാണ്. എന്നാൽ ഈ കാര്യങ്ങൾ നിങ്ങൾ കുട്ടികൾ മറന്നുപോകുന്നു. ഇല്ലെങ്കിൽ നിങ്ങൾക്ക് വളരെ അധികം സന്തോഷം ഉണ്ടാകണം. നിരന്തരം ഓർമ്മയുണ്ടായിരിക്കണം. ബാബ ഇപ്പോൾ നമ്മെ പുതിയ ലോകത്തിലേയ്ക്ക് യോഗ്യരാക്കി മാറ്റുകയാണ്. മറ്റാരുമല്ല, നിങ്ങൾ ഭാരതവാസികൾ തന്നെയാണ് യോഗ്യരായി മാറുന്നത്. ബാക്കി, മറ്റുധർമ്മങ്ങളിലേയ്ക്ക് മാറിയവരും വരും. എങ്ങനെയാണോ അതിലേയ്ക്ക് പോയത് അതുപോലെ പിന്നീട് ഇതിലേയ്ക്ക് കൺവേർട്ടാകും. ഈ മുഴുവൻ ജ്ഞാനവും നിങ്ങളുടെ ബുദ്ധിയിലുണ്ട്. മനുഷ്യർക്ക് മനസ്സിലാക്കിക്കൊടുക്കണം ഈ പഴയലോകം ഇപ്പോൾ മാറുകയാണ്. മഹാഭാരതയുദ്ധവും തീർച്ചയായും ഉണ്ടാകണം. ഈ സമയത്തുതന്നെയാണ് ബാബ വന്ന് രാജയോഗം പഠിപ്പിക്കുന്നത്. രാജയോഗം പഠിക്കുന്നത് ആരാണോ അവർ പുതിയ ലോകത്തിലേയ്ക്ക് പോകും. എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കാൻ നിങ്ങൾക്ക് കഴിയും അതായത് ഉയർന്നതിലും ഉയർന്നതാണ് ഭഗവാൻ, പിന്നീടാണ് ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാർ, പിന്നീട് ഇവിടേയ്ക്ക് വരൂ, മുഖ്യം ജഗദംബയും ജഗദ്പിതാവുമാണ്. ബാബ വരുന്നതും ഇവിടെ ബ്രഹ്മാശരീരത്തിലാണ്, പ്രജാപിതാ ബ്രഹ്മാവ് ഇവിടെയല്ലേ. ബ്രഹ്മാവിലൂടെ സ്ഥാപന സൂക്ഷ്മവതനത്തിൽ നടക്കില്ലല്ലോ. ഇവിടെത്തന്നെയാണ് ഉണ്ടാവുക. ബ്രഹ്മാവ് വ്യക്തത്തിൽ നിന്നും അവ്യക്തമായി മാറുന്നു. അവർ രാജയോഗം പഠിച്ച് വിഷ്ണുവിന്റെ രണ്ട് രൂപങ്ങളാകുന്നു. വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും മനസ്സിലാക്കണമല്ലോ. മനുഷ്യർ തന്നെയാണ് മനസ്സിലാക്കുക. വിശ്വത്തിന്റെ അധികാരിയ്ക്കേ വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും മനസ്സിലാക്കിത്തരാൻ സാധിക്കൂ. ബാബ ജ്ഞാനസാഗരമാണ്, പുനർജന്മ രഹിതനാണ്. ഈ ജ്ഞാനം ആരുടേയും ബുദ്ധിയിൽ ഇല്ല. തിരിച്ചറിയാനും ബുദ്ധി ആവശ്യമാണല്ലോ. എന്തെങ്കിലും ബുദ്ധിയിൽ ഇരിക്കുന്നുണ്ടോ അതോ അങ്ങനെതന്നെയാണോ എന്ന് നാഡി നോക്കണം. അജ്മൽ ഖാൻ എന്ന ഒരു പ്രശസ്തനായ വൈദ്യനുണ്ടായിരുന്നു അദ്ദേഹത്തിന് കാണുമ്പോൾ തന്നെ അസുഖം എന്താണ് എന്നത് മനസ്സിലാകുമായിരുന്നു എന്നാണ് പറയുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കും ഇവർ യോഗ്യരാണോ അതോ അയോഗ്യരാണോ എന്നത് മനസ്സിലാക്കാൻ സാധിക്കണം.

ബാബ കുട്ടികൾക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം നൽകിയിട്ടുണ്ട്, ഇതിലൂടെ നിങ്ങൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി, ബാബ എന്താണോ എങ്ങനെയാണോ അതേ രൂപത്തിൽ ബാബയെ ഓർമ്മിക്കുന്നു. എന്നാൽ ഇങ്ങനെയുള്ള ബുദ്ധി പൂർണ്ണമായും യോഗയുക്തമായിരിക്കുന്ന, ബാബയോട് പ്രീതബുദ്ധി വെയ്കുന്നവർക്കേ ഉണ്ടാകൂ. എല്ലാവരും ഇതുപോലെയല്ലല്ലോ. പരസ്പരം നാമരൂപങ്ങളിൽ കുടുങ്ങിയിരിക്കുന്നു. ബാബ പറയുന്നു പ്രീതി എന്നോട് വെയ്ക്കൂ. മായ ഇങ്ങനെയാണ് അത് പ്രീതിവെയ്ക്കാൻ അനുവദിക്കില്ല. എന്റെ കസ്റ്റമർ പോകുന്നു എന്ന് കണ്ടാൽ മായ അപ്പടി ചെവിയിലും മൂക്കിലും പിടി കൂടും. പിന്നീട് വഞ്ചിതരാകുമ്പോൾ മനസ്സിലാക്കും മായ വഞ്ചിച്ചുവെന്ന്. മായാജീത്തും ജഗദ്ജീത്തുമാകാൻ സാധിക്കില്ല, ഉയർന്ന പദവി നേടാൻ സാധിക്കില്ല, ഇതിൽ തന്നെയാണ് പരിശ്രമമുള്ളത്. ശ്രീമതം നൽകുന്നു എന്നെ മാത്രം ഓർമ്മിക്കു എങ്കിൽ നിങ്ങളുടെ പതിതമായ ബുദ്ധി പാവനമായി മാറും. എന്നാൽ ചിലർക്ക് ഇത് വളരെ ബുദ്ധിമുട്ടായി തോന്നുന്നു. ഇതിൽ ഒരു വിഷയമേയുള്ളു, ബാബയും സമ്പത്തും. അത്രമാത്രം, രണ്ട് വാക്കുകൾ ഓർമ്മിക്കാൻ സാധിക്കില്ലേ! ബാബ പറയുന്നു ബാബയെ ഓർമ്മിക്കു എന്നാൽ പിന്നീട് തന്റെ ദേഹത്തേയും മറ്റുള്ളവരുടെ ദേഹത്തേയും ഓർമ്മിച്ചുകൊണ്ടിരിക്കുന്നു. ബാബ പറയുന്നു ദേഹത്തെ കണ്ടുകൊണ്ടും നിങ്ങൾ എന്നെ ഓർമ്മിക്കൂ. ആത്മാവിന് ഇപ്പോൾ മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കുകയാണ്, എന്നെ കാണാനും മനസ്സിലാക്കാനും, അതിന്റെ പ്രയോജനം എടുക്കൂ. നിങ്ങൾ കുട്ടികൾ ഇപ്പോൾ ത്രിനേത്രികളും ത്രികാലദർശികളുമാവുകയാണ്. എന്നാൽ നമ്പർവൈസായാണ് ത്രികാലദർശികളാവുന്നത്. ജ്ഞാനം ധാരണ ചെയ്യുന്നത് ബുദ്ധിമുട്ടുള്ള കാര്യമല്ല. വളരെ നന്നായി മനസ്സിലാക്കുന്നുണ്ട് എന്നാൽ യോഗബലം കുറവാണ്, ദേഹീ അഭിമാനി സ്ഥിതി കുറവാണ്. ചെറിയ കാര്യത്തിൽ തന്നെ ദേഷ്യവും ക്രോധവും ഉണ്ടാകുന്നു, താഴെ വീണുകൊണ്ടിരിക്കുന്നു. എഴുന്നേൽക്കുന്നു, വീഴുന്നു. ഇന്ന് എഴുന്നേൽക്കും നാളെ വീഴും. ദേഹാഭിമാനമാണ് മുഖ്യം പിന്നാലെ മറ്റു വികാരങ്ങളായ ലോഭവും മോഹവും കുടുക്കുന്നു. ദേഹത്തോടും മോഹം ഉണ്ടാകുമല്ലോ. മാതാക്കൾക്കാണ് മോഹം കൂടുതലുള്ളത്. ഇപ്പോൾ ബാബ അതിൽ നിന്നും മോചിപ്പിക്കുകയാണ്. നിങ്ങൾക്ക് പരിധിയില്ലാത്ത ബാബയെ

ലഭിച്ചിരിക്കുന്നു പിന്നെ എന്തിനാണ് മോഹം വെയ്ക്കുന്നത്? ആ സമയത്ത് മുഖവും സംസാരവുമെല്ലാം കുരങ്ങന്മാരെപ്പോലെയാകുന്നു. ബാബ പറയുന്നു– നഷ്ടോമോഹയായി മാറൂ, നിരന്തരം എന്നെ ഓർമ്മിക്കു. പാപങ്ങളുടെ ഭാരം തലയിൽ വളരെ അധികമുണ്ട്, അത് എങ്ങനെ ഇറങ്ങും? എന്നാൽ മായ ഇങ്ങനെയാണ്, ഓർമ്മിക്കാൻ അനുവദിക്കില്ല. എത്ര തന്നെ തലയിട്ട് ഉടച്ചാലും അടിക്കടി ബുദ്ധിയെ പറപ്പിക്കും. അതിസ്നേഹിയായ ബാബയുടെ മഹിമതന്നെ പാടിക്കൊണ്ടിരിക്കണം എന്നതിൽ നിങ്ങൾ എത്ര പരിശ്രമിക്കുന്നു. ബാബാ, അങ്ങയുടെ അടുത്തേയ്ക്ക് ഇതാ എത്തിക്കഴിഞ്ഞു, എന്നിട്ടും മറന്നുപോകുന്നു. ബുദ്ധി മറ്റേതെങ്കിലും ഭാഗത്തേയ്ക്ക് പോകും. നമ്പർവൺ ആവുന്ന ഇദ്ദേഹവും പുരുഷാർത്ഥിയല്ലേ. കുട്ടികളുടെ ബുദ്ധിയിൽ ഓർമ്മയുണ്ടാകണം നമ്മൾ ഈശ്വരീയ വിദ്യാർത്ഥികളാണ്. ഗീതയിലുമുണ്ട്– ഭഗവാനുവാചാ, ഞാൻ നിങ്ങളെ രാജാക്കന്മാരുടേയും രാജാവാക്കി മാറ്റും. കേവലം ബാബയുടെ പേരിനുപകരം കൃഷ്ണന്റെ പേരിട്ടു. വാസ്തവത്തിൽ ശിവബാബയുടെ ജയന്തി ലോകം മുഴുവനും ആഘോഷിക്കണം. ശിവബാബ എല്ലാവരേയും ദുഃഖത്തിൽ നിന്നും മോചിപ്പിച്ച് വഴികാട്ടിയായി കൂടെക്കൊണ്ടുപോകുന്നു. ബാബ മുക്തിദായകനും വഴികാട്ടിയുമാണ് എന്നത് എല്ലാവരും അംഗീകരിക്കുന്നുണ്ട്. എല്ലാവരുടേയും പതിതപാവനൻ ബാബയാണ്, എല്ലാവരേയും ശാന്തിധാമത്തിലേയ്ക്കും സുഖധാമത്തിലേയ്ക്കും കൊണ്ടുപോകുന്നത് ബാബയാണ്, എന്നിട്ടും എന്തുകൊണ്ട് ശിവബാബയുടെ ജയന്തി ആഘോഷിക്കുന്നില്ല? ഭാരതവാസികൾ തന്നെ ആഘോഷിക്കുന്നില്ല അതിനാലാണ് ഭാരതത്തിന് ഇത്രയും മോശമായ അവസ്ഥ ഉണ്ടായത്. മരണം പോലും വളരെ മോശമായ രീതിയിലാണുണ്ടാകുന്നത്. അവർ ഇങ്ങനെയുള്ള ബോംബുകളാണ് ഉണ്ടാക്കുന്നത്, അതിൽ നിന്നും ഗ്യാസ് പുറത്തുവന്നതും അവസാനിച്ചു, ക്ലോറോഫോം ഉപയോഗിക്കുന്നതുപോലെയാണ്. ഇത് അവർക്ക് ഉണ്ടാക്കുകതന്നെ വേണം. നിർത്തിവെയ്ക്കുക അസാധ്യമാണ്. എന്താണോ കല്പം മുൻപ് ഉണ്ടായത് അതിപ്പോൾ ആവർത്തിക്കുകയാണ്. ഈ മിസൈലുകളിലൂടെയും പ്രകൃതിക്ഷോഭങ്ങളിലൂടെയും പഴയ ലോകത്തിന്റെ വിനാശം സംഭവിച്ചിരുന്നു, അത് ഇപ്പോഴും സംഭവിക്കും. വിനാശത്തിന്റെ സമയമാകുമ്പോൾ ഡ്രാമാപ്ലാൻ അനുസരിച്ച് അത് പ്രാബല്യത്തിൽ വരികതന്നെ ചെയ്യും. ഡ്രാമ തീർച്ചയായും വിനാശം ചെയ്യിക്കും. രക്തത്തിന്റെ നദികൾ ഇവിടെ ഒഴുകും. ആഭ്യന്തരയുദ്ധത്തിൽ പരസ്പരം കൊല്ലാറില്ലേ. നിങ്ങളിലും കുറച്ചുപേരേ ഈ ലോകം മാറുകയാണ് എന്നത് അറിയുകയുള്ളു. ഇപ്പോൾ നമ്മൾ സുഖധാമത്തിലേയ്ക്ക് പോവുകയാണ്. അതിനാൽ സദാ ജ്ഞാനത്തിന്റെ അതീന്ദ്രിയ സുഖത്തിൽ ഇരിക്കണം. എത്രത്തോളം ഓർമ്മയിൽ ഇരിക്കുന്നുവോ അത്രയും സുഖം വർദ്ധിക്കും. മോശമായ ശരീരത്തോട് നഷ്ടോമോഹയായിക്കൊണ്ടിരിക്കും. ബാബ ഇത്രയേ പറയുന്നുള്ളു അല്ലാഹുവിനെ ഓർമ്മിക്കു എങ്കിൽ സമ്പത്തും സാമ്രാജ്യവും നിങ്ങളുടേതാകും. സെക്കന്റിൽ ചക്രവർത്തീപദവി, ചക്രവർത്തിയ്ക്ക് കുട്ടി ജനിച്ചാൽ ആ കുട്ടി ചക്രവർത്തിയായില്ലേ. അതിനാൽ ബാബ പറയുകയാണ് എന്നെ ഓർമ്മിച്ചുകൊണ്ടിരിക്കൂ ഒപ്പം ചക്രത്തെ ഓർമ്മിച്ചുകൊണ്ടിരിക്കൂ എങ്കിൽ ചക്രവർത്തീ രാജാവായി മാറും, അതിനാലാണ് പാടിയിരിക്കുന്നത് സെക്കന്റിൽ ജീവന്മുക്തി, സെക്കന്റിൽ യാചകനിൽ നിന്നും രാജകുമാരൻ. എത്ര നല്ലതാണ്. അതുകൊണ്ട് ശ്രീമതത്തിലൂടെ നല്ലരീതിയിൽ മുന്നോട്ട് പോകണം. ഓരോ ചുവടിലും അഭിപ്രായം ചോദിക്കണം.

ബാബ മനസ്സിലാക്കിത്തരുന്നു മധുരമായ കുട്ടികളേ, ട്രസ്റ്റിയാണെന്ന് മനസ്സിലാക്കിയിരിക്കൂ അപ്പോൾ മമത്വം ഇല്ലാതാകും. എന്നാൽ ട്രസ്റ്റിയാവുക എന്നത് ചിറ്റമ്മയുടെ വീട്ടിൽ പോകലല്ല. ബ്രഹ്മാബാബ സ്വയം ട്രസ്റ്റിയായിട്ടുണ്ട്, കുട്ടികളേയും ട്രസ്റ്റിയാക്കുന്നു. ബാബ എന്തെങ്കിലും സ്വീകരിക്കുന്നുണ്ടോ? പറയുന്നു നിങ്ങൾ ട്രസ്റ്റിയായി സംരക്ഷിക്കൂ. ട്രസ്റ്റിയായാൽ പിന്നെ മമത്വം ഇല്ലാതാകും. എല്ലാം ഈശ്വരൻ നൽകിയതാണ് എന്നു പറയാറില്ലേ. പിന്നീട് എന്തെങ്കിലും നഷ്ടമുണ്ടാവുകയോ ആരെങ്കിലും മരിക്കുകയോ ചെയ്താൽ രോഗിയായി മാറുന്നു. ലഭിക്കുമ്പോൾ സന്തുഷ്ടരാകുന്നു. എല്ലാം ഈശ്വരൻ നൽകിയതാണ് എന്നു പറഞ്ഞിട്ട് പിന്നെ ആരെങ്കിലും മരിക്കുമ്പോൾ കരയേണ്ട ആവശ്യം എന്താണ്? എന്നാൽ മായ ചെറുതല്ല, അമ്മായിയുടെ വീടല്ലല്ലോ. ഈ സമയത്ത് ബാബ പറയുന്നു ഈ പതിതലോകത്തിൽ ഞങ്ങൾ ഇരിക്കാൻ ആഗ്രഹിക്കുന്നില്ല, ഞങ്ങളെ പാവനലോകത്തിലേയ്ക്ക് കൊണ്ടുപോകൂ, കൂടെ കൊണ്ടുപോകൂ എന്നെല്ലാം പറഞ്ഞ് നിങ്ങൾ എന്നെ വിളിച്ചിരുന്നു എന്നാൽ ഇതിന്റെ അർത്ഥം മനസ്സിലാക്കുന്നില്ല. പതിതപാവനൻ വന്നാൽ തീർച്ചയായും ശരീരം അവസാനിക്കുമല്ലോ, അപ്പോഴാണ് ആത്മാക്കളെ കൊണ്ടുപോകുന്നത്. എങ്കിൽ ഇങ്ങനെയുള്ള ബാബയോട് പ്രീതബുദ്ധി വെയ്ക്കണം. ഒരാളോട് മാത്രം സ്നേഹം വെയ്ക്കണം, അവരെത്തന്നെ ഓർമ്മിക്കണം. മായയുടെ കൊടുങ്കാറ്റ് വരും. കർമ്മേന്ദ്രിയങ്ങളിലൂടെ ഒരു വികർമ്മവും ചെയ്യരുത്. അത് നിയമവിരുദ്ധമാകും. ബാബ പറയുന്നു ഞാൻ വന്ന് ഈ ശരീരത്തെ ആധാരമാക്കുകയാണ്. ഇത് ഇദ്ദേഹത്തിന്റെ ശരീരമല്ലേ. നിങ്ങൾക്ക് ഓർമ്മിക്കേണ്ടത് ബാബയെയാണ്. നിങ്ങൾക്ക് അറിയാം ബ്രഹ്മാബാബയും അച്ഛനാണ്, ശിവബാബയും അച്ഛനാണ്. വിഷ്ണുവിനേയും ശങ്കരനേയും അച്ഛനെന്നു വിളിക്കില്ല. ശിവബാബയാണ് നിരാകാരനായ അച്ഛൻ. പ്രജാപിതാ ബ്രഹ്മാവാണ് സാകാരത്തി

ലുള്ള അച്ഛൻ. ഇപ്പോൾ നിങ്ങൾ സാകാരനിലൂടെ നിരാകാരനായ ബാബയിൽ നിന്നും സമ്പത്ത് നേടുകയാണ്. മുത്തച്ഛൻ ഈ ശരീരത്തിൽ പ്രവേശിക്കുകയാണ് അപ്പോഴാണ് പറയുന്നത് മുത്തച്ഛന്റെ സമ്പത്ത് അച്ഛനിലൂടെ ഞങ്ങൾ എടുക്കുകയാണെന്ന്. മുത്തച്ഛൻ നിരാകാരനാണ്, ബാബ സാകാരമാണ്. ഇത് അത്ഭുതകരമായ പുതിയ കാര്യമല്ലേ. ത്രിമൂർത്തികളെ കാണിക്കുന്നുണ്ട് പക്ഷേ ഒന്നും മനസ്സിലാക്കുന്നില്ല. ശിവനെ എടുത്തുമാറ്റിയിരിക്കുന്നു. ബാബ എത്ര നല്ല നല്ല കാര്യങ്ങൾ മനസ്സിലാക്കിത്തരുന്നു സന്തോഷം ഉണ്ടായിരിക്കണം- നമ്മൾ വിദ്യാർത്ഥികളാണ്. ബാബ നമ്മുടെ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്. ഇപ്പോൾ നിങ്ങൾ വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും പരിധിയില്ലാത്ത ബാബയിൽ നിന്നും കേൾക്കുന്നു പിന്നീട് മറ്റുള്ളവരെ കേൾപ്പിക്കുന്നു. ഇത് 5000 വർഷത്തിന്റെ കളിയാണ്. കോളേജിലെ കുട്ടികൾക്ക് വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും മനസ്സിലാക്കിക്കൊടുക്കണം. 84 ജന്മങ്ങളുടെ ഏണിപ്പടി എന്താണ്, ഭാരതത്തിന്റെ ഉയരുന്ന കലയും താഴെ ഇറങ്ങുന്ന കലയും എങ്ങനെയാണ് ഉണ്ടാകുന്നത്, ഇത് മനസ്സിലാക്കിക്കൊടുക്കണം. സെക്കന്റിൽ ഭാരതം സ്വർഗ്ഗമായി മാറുന്നു പിന്നീട് 84 ജന്മങ്ങളിൽ ഭാരതം നരകമായി മാറുന്നു. ഇത് വളരെ സഹജമായി മനസ്സിലാക്കിക്കൊടുക്കാവുന്ന കാര്യമാണ്. ഭാരതം സ്വർണ്ണിമയുഗത്തിൽ നിന്നും ഇരുമ്പുയുഗത്തിലേയ്ക്ക് എങ്ങനെയെത്തി- ഇത് ഭാരതവാസികൾക്ക് മനസ്സിലാക്കിക്കൊടുക്കണം. ടീച്ചേഴ്സിനും മനസ്സിലാക്കിക്കൊടുക്കണം. അത് ഭൗതികമായ അറിവാണ്, ഇത് ആത്മീയ അറിവാണ്. അത് മനുഷ്യനാണ് നൽകുന്നത്, ഇത് ഈശ്വരീയ പിതാവാണ് നൽകുന്നത്. ബാബ മനുഷ്യസൃഷ്ടിയുടെ ബീജരൂപനാണ്, അതിനാൽ ബാബയുടെ പക്കൽ മനുഷ്യ സൃഷ്ടിയുടെ ജ്ഞാനമല്ലേ ഉണ്ടാവുക. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചുകിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും നമസ്കാരവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഈ മോശമായ ശരീരത്തിൽ നിന്നും പൂർണ്ണമായും നഷ്ടോമോഹയായി മാറി ജ്ഞാനത്തിന്റെ അതീന്ദ്രിയസുഖത്തിൽ കഴിയണം. ബുദ്ധിയിൽ ഉണ്ടായിരിക്കണം ഇപ്പോൾ ഈ ലോകം മാറുകയാണ് നമ്മൾ നമ്മുടെ സുഖധാമത്തിലേയ്ക്ക് പോവുകയാണ്.

2) ട്രസ്റ്റിയായി മാറി എല്ലാം സംരക്ഷിച്ചുകൊണ്ടും തന്റെ മമത്വത്തെ ഇല്ലാതാക്കണം. ഒരു ബാബയോട് സത്യമായ പ്രീതി വെയ്ക്കണം. കർമ്മേന്ദ്രിയങ്ങളിലൂടെ ഒരിയ്ക്കലും ഒരു വികർമ്മവും ചെയ്യരുത്.

## വരദാനം:- ബ്രഹ്മാബാബക്ക് സമാനം ശ്രേഷ്ഠത്തിലും ശ്രേഷ്ഠ ഭാഗ്യം ഉണ്ടാക്കുന്ന പരോപകാരിയായി ഭവിക്കട്ടെ.

ശ്രേഷ്ഠസ്ഥിതിയിലൂടെയും ശ്രേഷ്ഠ കർമ്മത്തിലൂടെയും ഭാഗ്യത്തിന്റെ രേഖ എല്ലാ കുട്ടികളും വരച്ചിട്ടുണ്ട്, ഇപ്പോൾ കേവലം സമ്പൂർണ്ണതയുടെ അഥവാ ബ്രഹ്മാബാബക്ക് സമാനം ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായി മാറുന്നതിന്റെ അവസാന മിനുക്കുപണിയാണ് . അതിനുവേണ്ടി പരോപകാരിയാകൂ അതായത് സ്വാർത്ഥഭാവത്തിൽ നിന്ന് സദാ മുക്തമാകൂ. ഓരോ പരിതസ്ഥിതിയിലും ഓരോ കാര്യത്തിലും ഓരോ സഹയോഗീ സംഘടനയിലും എത്രയും നിസ്വാർത്ഥമായിരിക്കുന്നുവോ അത്രയും പരോപകാരിയായി മാറാൻ കഴിയും. സദാ സ്വയത്തെ നിറവുള്ളതായി അനുഭവം ചെയ്യും. സദാ പ്രാപ്തി സ്വരൂപത്തിന്റെ സ്ഥിതിയിൽ സ്ഥിതി ചെയ്യും. സ്വയത്തെപ്രതി ഒന്നും തന്നെ സ്വീകരിക്കില്ല.

## സ്ലോഗൻ:- സർവ്വസ്വ ത്യാഗിയാകുന്നതിലൂടെ മാത്രമേ സരളതയുടെയും സഹനശീലതയുടെയും ഗുണം വന്നുചേരൂ.

**ശക്തിശാലീ മനസ്സിലൂടെ സകാശ് കൊടുക്കുന്നതിന്റെ സേവനം ചെയ്യൂ.**

ഈ സകാശ് കൊടുക്കുന്നതിന്റെ സേവനം നിരന്തരം ചെയ്യാൻ സാധിക്കും, ഇതിന് ആരോഗ്യത്തിന്റെയോ സമയത്തിന്റെയോ കാര്യമില്ല. രാത്രിയും പകലും ഈ പരിധിയില്ലാത്ത സേവനത്തിൽ മുഴുകാൻ സാധിക്കും. ബ്രഹ്മാബാബ ചെയ്തത് കണ്ടു, രാത്രിയിലും ഉണർന്നിരുന്ന് പരിധിയില്ലാത്ത സകാശ് കൊടുക്കുന്നതിന്റെ സേവ ചെയ്തുകൊണ്ടിരുന്നു, അതേപോലെ അച്ഛനെ പിന്തുടരൂ. താങ്കൾ കുട്ടികൾ എപ്പോൾ പരിധിയില്ലാത്ത സകാശ് കൊടുക്കുന്നുവോ സമീപത്തുള്ളവർ താനേ സകാശ് എടുത്തുകൊണ്ടിരിക്കും. ഈ പരിധിയില്ലാത്ത സകാശ് കൊടുക്കുന്നതിന്റെ വായുമണ്ഡലം താനേ ഉണ്ടാകും.